പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3835 17.12.2015-ൽ മറുപടിക്ക്

## പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ

**ചോദ്യം**

ശ്രീ. സാജു പോൾ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പെരുമ്പാവൂരിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ആകെ സർവ്വീസുകൾ ഏതൊക്കെയാണ്; ഇതിനായി നിലവിലുള്ള ബസ്സുകളുടെ എണ്ണം എത്രയാണ്;

(എ) പെരുമ്പാവൂർ ഡിപ്പോയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. നിലവിൽ 16 ജൻറം സർവ്വീസുകൾ ഉൾപ്പെടെ 74 സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. 17 ജൻറം ബസുകൾ ഉൾപ്പെടെ 65 ബസുകൾ ടി ഡിപ്പോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പെരുമ്പാവൂർ ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളും നിലവിലുള്ള ബസുകളും താഴെ പറയും പ്രകാരമാണ്.

| ഇനം | ഷെഡ്യൂളുകൾ | ബസുകൾ |
|---|---|---|
| എക്സ്പ്രസ് | 1 | 1 |
| സൂപ്പർ ഫാസ്റ്റ് | 2 | 2 |
| ഫാസ്റ്റ് | 4 | 9 |
| ഓർഡിനറി | 51 | 36 |
| ജൻറം | 16 | 17 |
| ആകെ | **74** | **65** |

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ദിവസേന റദ്ദാക്കുന്ന സർവ്വീസുകളുടെ എണ്ണം, സർവ്വീസ് നടത്താത്തതിനാൽ ഉപയോഗശൂന്യമായ ബസ്സുകൾ എണ്ണം, അറ്റകുറ്റജോലികൾ സമയബന്ധിതമായി നടത്താത്തതുമൂലം കഴിഞ്ഞ ഒരു വർഷകാലയളവിൽ സർവ്വീസ് നിർത്തിവച്ച ബസ്സുകളുടെ എണ്ണം എന്നിവ മാസം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷകാലയളവിൽ ബസിന്റെ കുറവ് മൂലം ദിനംപ്രതി ശരാശരി 6 ആർ.റ്റി.സി ബസുകളും, 8 ജൻറം ബസുകളും താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ സർവ്വീസ് നടത്താത്തതിനാൽ ഉപയോഗശൂന്യമായ ബസുകളോ അറ്റകുറ്റജോലികൾ സമയബന്ധിതമായി നടത്താത്തമൂലം സർവ്വീസ് നിർത്തിവച്ച ബസുകളോ ഇല്ല.

എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലം ശരാശരി 6 ആർ.ടി.സി ബസുകളും 8 ജൻറം

ബസുകളും വീതം ദിവസേന അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷക്കാലത്തെ ശരാശരി ബസുകളുടെ ഇന വിവരം ചുവടെ ചേർക്കുന്നു.

| മാസം | ബസുകൾ | അറ്റകുറ്റപണിക്കായി പിടിച്ച ബസുകൾ | ബസുകൾ | അറ്റകുറ്റപണിക്കായി പിടിച്ച ബസുകൾ |
|---|---|---|---|---|
| | (ആർ.ടി.സി) | | (ജൻറം) | |
| Jan-15 | 48 | 8 | 17 | 5 |
| Feb-15 | 48 | 7 | 17 | 4 |
| Mar-15 | 48 | 6 | 17 | 5 |
| Apr-15 | 50 | 5 | 17 | 8 |
| May-15 | 52 | 7 | 17 | 7 |
| Jun-15 | 53 | 8 | 17 | 8 |
| July-15 | 52 | 6 | 17 | 10 |
| Aug-15 | 51 | 5 | 17 | 9 |
| Sep-15 | 51 | 5 | 17 | 9 |
| Oct-15 | 50 | 6 | 17 | 10 |
| Nov-15 | 47 | 6 | 17 | 9 |
| Dec-15 | 48 | 6 | 17 | 9 |

(സി) സർവ്വീസ് നടത്തുന്ന ബസ്സുകൾ ദിവസേന ഓടേണ്ട നിശ്ചിത ദൂരം എത്രയാണ്; നിശ്ചിത ദൂരം ഓടാതെ യാത്ര വെട്ടിക്കുറച്ച സർവ്വീസുകളുടെ ഒരു വർഷത്തെ വിശദവിവരം അറിയിക്കുമോ;

(സി) പെരുമ്പാവൂർ യൂണിറ്റിൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ 18,299 കിലോ മീറ്റർ ദിവസേന ഓടുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

2014 ഡിസംബർ 1-ാം തീയതി മുതൽ 2015 നവംബർ 30-ാം തീയതി വരെ പെരുമ്പാവൂർ ഡിപ്പോയിൽ വിവിധ കാരണങ്ങളാൽ 18,08,279 കിലോ മീറ്റർ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഡി) നിശ്ചിത ദൂരപരിധി സഞ്ചരിക്കാത്ത വാഹനങ്ങളിലെ ജീവനക്കാർക്ക് ഇരട്ട ഡ്യൂട്ടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഡി) അപകടം, റോഡ് ബ്ലോക്ക്, ബ്രേക്ക് ഡൗൺ ഈ കാരണങ്ങളാൽ ഷെഡ്യൂൾ ഡ്യൂട്ടികൾക്ക് നിശ്ചിത ദൂരപരിധി ഓപ്പറേറ്റ് ചെയ്യുവാൻ പറ്റാത്ത സാഹചര്യത്തിൽ നിയമാനുസൃതമായ ഹാജർ ജീവനക്കാർക്ക് നൽകാറുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഡിപ്പോയിലെ ആകെ ജീവനക്കാരെ സംബന്ധിച്ച വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ; ഓരോരുത്തരും കഴിഞ്ഞ ഒരു വർഷക്കാലം ഓരോ മാസവും എത്ര ദിവസം ജോലി ചെയ്തു എന്നറിയിക്കുമോ; | (ഇ) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | സെക്യൂരിറ്റി ജീവനക്കാരുടെ അഭാവം മൂലം ഡിപ്പോയിലെ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ; ജീവനക്കാരിൽ ആരെയെങ്കിലും പോയിന്റ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ടോ; | (എഫ്) | സെക്യൂരിറ്റി ജീവനക്കാരുടെ അഭാവം മൂലം ഡിപ്പോയിൽ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. പോയിന്റ് ഡ്യൂട്ടിക്ക് ആരേയും നിയോഗിച്ചിട്ടില്ല. |
| (ജി) | ഇവിടെ ചുറ്റുമതിലും സെപ്റ്റിക് ടാങ്കും പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ചിട്ടുണ്ടോ; ഡിപ്പോയിൽ നിന്നും സ്പെയർ പാർട്ട്സ്, ഡീസൽ മുതലായവ നഷ്ടപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ജി) | സെപ്റ്റിക് ടാങ്കിന്റെ പണി നടന്നുകൊണ്ടിരിക്കവെ ശക്തമായ കാറ്റിലും മഴയിലും മരം പിഴുത് സെപ്റ്റിക് ടാങ്കിന്റെ പുറത്ത് വീണ് മൊത്തത്തിൽ നശിക്കുകയും വീണ്ടും സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട്. ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>ഇന്ധനക്ഷമത പരിശോധിച്ചിട്ടുണ്ട്. പെരുമ്പാവൂർ ഡിപ്പോയുടെ നവംബർ 2015 കെ.എം.പി.എൽ (കിലോമീറ്റർ പെർ ലിറ്റർ) - ആർ.ടി.സി - 4.18-ും ജൻറം 3.63-ും ആണ്.<br>പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും സ്പെയർ പാർട്സ്, ഡീസൽ മുതലായവ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നാളിതുവരെ റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |

Deepthi

സെക്ഷൻ ഓഫീസർ